(ബി) വൈദ്യുതിക്ക് പകരമായി ഉപയോഗിക്കാവുന്ന സൗരതാപോർജ്ജം പോലെയുള്ള ഊർജ്ജരൂപങ്ങൾ പ്രചരിപ്പിച്ചുകൊണ്ടും ഊർജ്ജക്ഷമതയേറിയതരത്തിലുള്ള ഉപകരണങ്ങൾ (സി.എഫ്.എൽ) (ഇലക്ട്രോണിക് ചോക്ക്) പ്രചരിപ്പിച്ചുകൊണ്ടും, എനർജി ആഡിറ്റിംഗ് നടത്തികൊണ്ടുമുള്ള അനർട്ടിന്റെ പരിപാടികൾ വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നതിന് ലക്ഷ്യമിട്ടുള്ളതാണ്.

(സി) വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം 10000 സോളാർ വിളക്കുകളും 1000 ഗാർഹിക വിളക്കുകളും 130 തെരുവ് വിളക്കുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ഡി) വൈദ്യുതിയുടെ ഗാർഹിക ഉപയോഗം കുറയ്ക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വിവിധ ഇനങ്ങളിലായി 4 ലക്ഷം സി.എഫ്.എൽ. വിതരണം ചെയ്യുന്നതിന് നടപടികൾ പുരോഗമിക്കുന്നുണ്ട്.

(ഇ) ഇതുമായി ബന്ധപ്പെട്ട പ്രോജക്ട് വിജയിച്ചിട്ടില്ല.

(എഫ്) ഇത്തരത്തിലുള്ള പരിപാടികൾ നിലവിൽ അനർട്ട് നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാനത്ത് ഐ.ടി. പ്രൊഫഷണലുകൾ സൃഷ്ടിക്കപ്പെടുന്ന നടപടി

47 (980) ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്ത് പ്രതിവർഷം എത്ര ഐ. ടി. പ്രൊഫഷണലുകളെ സൃഷ്ടിക്കുന്നുണ്ട് ;

(ബി) 2005-ഓടുകൂടി സംസ്ഥാനത്ത് എത്ര ഐ.ടി. പ്രൊഫഷണലുകളെ ആവശ്യമായിവരുമെന്ന് പറയുമോ ;

(സി) ആ കാലത്ത് ദേശീയവും അന്തർദേശീയവുമായ അടിസ്ഥാനത്തിൽ എത്ര ഐ. ടി. പ്രൊഫഷണലുകളെ സംസ്ഥാനത്തിന് സംഭാവന നൽകുവാൻ കഴിയണമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഈ ഉദ്ദേശത്തോടുകൂടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ എൻജിനീയറിങ്ങ് കോളേജുകളിലായി ഐ.റ്റി.യും അനുബന്ധ കോഴ്സുകളായ കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് തുടങ്ങിയവയിലുമായി 2615 പേരെയും വിവിധ പോളിടെക്നിക്കുകളിലായി 5010 പേരേയും പ്രതിവർഷം ഐ.റ്റി. പ്രൊഫഷണലുകളായി വാർത്തെടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) ഇക്കാര്യത്തിൽ പ്രത്യേകിച്ച് പഠനമെന്നും നടത്തിയിട്ടില്ല.

(ഡി) 180 ഐ.റ്റി. പ്രൊഫഷണലുകളെ വീതം സൃഷ്ടിക്കാൻ ഉതകുന്ന വിധത്തിൽ 2 പുതിയ എൻജിനീയറിങ്ങ് കോളേജുകൾ സ്ഥാപിക്കാൻ എൽ.ബി.എസ്. നടപടിയെടുത്തു വരികയാണ്. പുതിയതായി ആരംഭിച്ച എല്ലാ എൻജിനീയറിങ്ങ് കോളേജുകളിലും പോളിടെക്നിക്കുകളിലും ഐ.റ്റി. അധിഷ്ഠിത കോഴ്സുകളാണ് ആരംഭിച്ചിട്ടുള്ളത്. തുടർന്നും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങളിലും ഐ.റ്റി. മേഖലയ്ക്ക് പ്രാധാന്യമുള്ള കോഴ്സുകൾ ആണ് ആരംഭിക്കുക. സി-ഡിറ്റ്, കേന്ദ്രസർക്കാരിന്റെ കീഴിൽ ഉള്ള നാഷണൽ സെന്റർ ഫോർ സോഫ്റ്റ്വെയർ ടെക്നോളജിയുടെ അംഗീകാരത്തോടുകൂടിയുള്ളതും സോഫ്റ്റ്വെയർ ടെക്നോളജിയിൽ ഉന്നതനിലവാരമുള്ളതുമായ പി.ജി.ഡി.എസ്.ടി. കോഴ്സ് നടത്തിവരുന്നുണ്ട്. സർക്കാർ പ്രഖ്യാപിച്ച ഐ.റ്റി. നയത്തിൽ വിഭാവനം ചെയ്തതു പോലെ മാനവവിഭവശേഷി വികസനത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് ടെക്നോപാർക്ക് കാമ്പസിൽ ഒരു ഉന്നത വിദ്യാഭ്യാസ കേന്ദ്രമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരളാ (IIITM-K) സ്ഥാപിച്ചിട്ടുണ്ട്. ബിരുദാനന്തര ബിരുദ നിലവാരത്തിലുള്ള കോഴ്സുകളും വിവിധ ഹ്രസ്വകാല കോഴ്സുകളും പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യ ബാച്ച് ഉടനെ തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു.

പബ്ലിക് റിലേഷൻ വകുപ്പ് പ്രസിദ്ധീകരണങ്ങൾ

48 (981) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പബ്ലിക് റിലേഷൻസ് വകുപ്പ് എത്ര പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ട് ; ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര പ്രസിദ്ധീകരണങ്ങൾ മുഖ്യമന്ത്രിയെ സംബന്ധിച്ചും മുഖ്യമന്ത്രിയുടെ വകുപ്പിനെ സംബന്ധിച്ചും ഉണ്ട് എന്ന് അറിയിക്കുമോ ;

(സി) ഓരോന്നിന്റെയും എത്ര കോപ്പികൾ വീതം അച്ചടിച്ചിട്ടുണ്ട് ;

(ഡി) പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യുന്നതിനായി സി.പി.ഐ.(എം)ന് കോപ്പികൾ നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly